## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2635** — **14-09-2023 - ൽ മറുപടിയ്ക്ക്**

## മെഡിസെപ്പ് ആനുകൂല്യങ്ങളുടെയും പ്രീമിയം തുകയുടെയും വിശദാംശങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും ഏർപ്പെടുത്തിയ മെഡിസെപ്പിൽ കഴിഞ്ഞ ഒരു വർഷം ആകെ അടച്ച പ്രീമിയം തുക എത്രയെന്നും ഇതിൽ സർക്കാർ വിഹിതം എത്രയെന്നും വ്യക്തമാക്കാമോ; | (എ) | 01.07.2022 ൽ നിലവിൽ വന്ന സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് പദ്ധതി നടത്തിപ്പിനായി സംസ്ഥാന സർക്കാരും ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയും തമ്മിലുള്ള കരാർ അനുസരിച്ച് മൂന്ന് മാസത്തേയ്ക്കുള്ള പ്രീമിയം തുക ‘7610-00-800-89’ എന്ന ശീർഷകത്തിൽ നിന്നും മുൻകൂറായി ഇൻഷ്വറൻസ് കമ്പനിക്ക് നൽകുന്നു. ഇപ്രകാരം കഴിഞ്ഞ പോളിസി വർഷത്തിൽ 4 മുൻകൂർ ഗഡുക്കളായി ഒരു വർഷത്തെ പ്രീമിയം അഡ്വാൻസായി ഇൻഷ്വറൻസ് കമ്പനിക്ക് 646 കോടി രൂപ നൽകിയിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷം 11,19,410 ഉണഭോക്താക്കളിൽ (ജീവനക്കാർ 5,40,774 + പെൻഷൻകാർ 5,78,636) നിന്നും 671,64,60,000/- രൂപ പ്രീമിയം ഇനത്തിൽ തിരിച്ചുപിടിച്ചിട്ടുണ്ട്. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന സാഹചര്യത്തിൽ മാത്രമേ പ്രസ്തുത വിഷയം പരിഗണനയ്ക്ക് എടുക്കുകയുള്ളൂ. |
| (ബി) | സർക്കാർ വിഹിതം അടക്കുന്നില്ലെങ്കിൽ വിഹിതം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | 01.07.2022 ൽ നിലവിൽ വന്ന സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് പദ്ധതി നടത്തിപ്പിനായി സംസ്ഥാന സർക്കാരും ഓറിയന്റൽ ഇൻഷ്വറൻസ് |

| | | | |
|---|---|---|---|
| | | | കമ്പനിയും തമ്മിലുള്ള കരാർ അനുസരിച്ച് മൂന്ന് മാസത്തേയ്ക്കുള്ള പ്രീമിയം തുക '7610-00-800-89' എന്ന ശീർഷകത്തിൽ നിന്നും മുൻകൂറായി ഇൻഷ്വറൻസ് കമ്പനിക്ക് നൽകുന്നു. ഇപ്രകാരം കഴിഞ്ഞ പോളിസി വർഷത്തിൽ 4 മുൻകൂർ ഗഡുക്കളായി ഒരു വർഷത്തെ പ്രീമിയം അഡ്വാൻസായി ഇൻഷ്വറൻസ് കമ്പനിക്ക് 646 കോടി രൂപ നൽകിയിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷം 11,19,410 ഗുണഭോക്താക്കളിൽ (ജീവനക്കാർ 5,40,774 + പെൻഷൻകാർ 5,78,636) നിന്നും 671,64,60,000/- രൂപ പ്രീമിയം ഇനത്തിൽ തിരിച്ചുപിടിച്ചിട്ടുണ്ട്. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന സാഹചര്യത്തിൽ മാത്രമേ പ്രസ്തുത വിഷയം പരിഗണനയ്ക്ക് എടുക്കുകയുള്ളൂ. |
| (സി) | കഴിഞ്ഞ ഒരു വർഷം ചികിത്സയിനത്തിൽ മെഡിസെപ്പ് മുഖേന ചെലവാക്കിയ തുക എത്രയാണ്; ലഭിച്ച പ്രീമിയത്തേക്കാൾ കൂടുതൽ ചികിത്സക്കായി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അധികമായി നൽകിയ തുക എത്രയെന്നും ഇല്ലെങ്കിൽ ബാലൻസ് എത്രയെന്നും വിശദമാക്കുമോ; | (സി) | കഴിഞ്ഞ ഒരു വർഷം ചികിത്സായിനത്തിൽ മെഡിസെപ്പ് മുഖേന 2,87,317 വിവിധ ചികിത്സകൾക്കായി 723,88,82,488/- രൂപയും 1926 അവയവമാറ്റ ചികിത്സകൾക്കായി 38,62,78,521/- രൂപയും (28.06.2023 തീയതി പ്രകാരം) അനുവദിച്ചിട്ടുള്ളത് മെഡിസെപ് വെബ്സൈറ്റിലെ ഡാഷ്ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രതിമാസ പ്രീമിയം വിഹിതം ഇൻഷ്വറൻസ് കമ്പനി ഇഷ്യൂ ചെയ്യുന്ന മെഡിസെപ് കാർഡുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച് മാത്രമാണ് മൂന്ന് മാസത്തെ അഡ്വാൻസ് തുക നൽകുന്നത്. ഈ രീതിയിൽ അധിക തുക കമ്പനിയ്ക്ക് നൽകാറില്ല. |
| (ഡി) | മെഡിസെപ്പ് ആനുകൂല്യം ലഭിക്കുന്നതിനായി ആശുപത്രികൾ നിബന്ധനകൾ ഉൾപ്പെടുത്തിയ സമ്മതപത്രം ഒപ്പിട്ടു വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഇങ്ങനെ നിബന്ധന വെക്കുന്നത് നിയമാനുസൃതമാണോ; വ്യക്തമാക്കുമോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | അഡ്മിറ്റ് ആകുന്ന ആളിന് ഡിസ്ചാർജിന് ശേഷം ചികിത്സക്കായി ആവശ്യമായി വരുന്ന മുഴുവൻ മരുന്നുകളും മെഡിസെപ്പ് സ്കീമിൽ ഉൾപ്പെടുത്തി ലഭിക്കുമോ; ഇല്ലെങ്കിൽ എത്ര ദിവസത്തേക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുമെന്ന വിശദാംശം നൽകുമോ? | (എഫ്) | മെഡിസെപ് പദ്ധതി പ്രകാരം ചികിത്സയ്ക്ക് വിധേയനാകുന്ന ഗുണഭോക്താവിന് ഡിസ്ചാർജിന് ശേഷം 15 ദിവസത്തേയ്ക്കുള്ള മുഴുവൻ മരുന്നുകളും മെഡിസെപ്പ് സ്കീമിൽ ഉൾപ്പെടുത്തി ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ